7. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി - മെമ്പർ ദേവസ്വവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി

(സി) 2-9-2010, 3-11-2010 എന്നീ തീയതികളിൽ ക്യാബിനറ്റ് സബ്കമ്മിറ്റി യോഗം ചേരുകയും റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യുകയും ചെയ്തു.

(ഡി) സമർപ്പിച്ചു.

(ഇ) റിപ്പോർട്ടിന്റെ പകർപ്പ് ഇതോടൊപ്പം അനുബന്ധമായി ചേർക്കുന്നു.*

(എഫ്&ജി) ബാധകമല്ല.

നോട്ടറി നിയമനത്തിനുള്ള മാനദണ്ഡങ്ങൾ

228 (678) ശ്രീ. എ. എം. യൂസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര പുതിയ നോട്ടറിമാരെ നിയമിച്ചുവെന്ന് വ്യക്തമാക്കുമോ ;

(ബി) നോട്ടറിയായി നിയമിക്കപ്പെടുന്നതിന് എന്തെല്ലാം മാനദണ്ഡങ്ങളാണുള്ളതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 69 പുതിയ നോട്ടറിമാരെ നിയമിച്ചിട്ടുണ്ട്.

(ബി) നോട്ടറീസ് നിയമം, 1952, നോട്ടറീസ് ചട്ടങ്ങൾ, 1956 എന്നിവയിൽ പ്രദിപാദിച്ചിട്ടുള്ള മാനദണ്ഡങ്ങൾക്കനുസൃതമായാണ് നോട്ടറിമാരെ നിയമിക്കുന്നത്.

സ്പോർട്സ് മേഖലയുടെ വികസനത്തിനായി സ്വീകരിച്ച നടപടികൾ

229 (679) ശ്രീ. ബാബു എം. പാലിശ്ശേരി :
ശ്രീ. എ. എം. യൂസഫ് :
ശ്രീ. രാജു എബ്രഹാം :
ശ്രീ. എം. എം. മോനായി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്പോർട്സ് മേഖലയുടെ വികസനത്തിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ;

(ബി) സ്പോർട്സ് കമ്മീഷൻ സർക്കാരിനുനൽകിയ റിപ്പോർട്ടിലെ പ്രധാന ശിപാർശകൾ എന്തെല്ലാമാണ് ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) പ്രസ്തുത ശുപാർശകൾ നടപ്പാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ;

(ഡി) കഴിഞ്ഞ ഏഷ്യൻ ഗെയിംസിൽ കേരളത്തിൽനിന്നുള്ള എത്ര കായികതാരങ്ങൾ പങ്കെടുത്തു ; ഇവർക്ക് സംസ്ഥാന സ്പോർട്സ് കൗൺസിൽ എന്തെല്ലാം സഹായങ്ങൾ ചെയ്തുവെന്ന് വെളിപ്പെടുത്തുമോ ;

(ഇ) മെഡൽ ജേതാക്കൾക്ക് സർക്കാർ എന്തെല്ലാം പാരിതോഷികങ്ങൾ നൽകിയിട്ടുണ്ട് ;

(എഫ്) സ്പോർട്സ് കോട്ട നിയമനം പുനരാരംഭിക്കാനും കൂടുതൽ പേർക്ക് നിയമനം നൽകുന്നതിനും സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കായിക മേഖലയുടെ ഉന്നതിക്കുവേണ്ടി ചെയ്ത കാര്യങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

നാഷണൽ ഗെയിംസിന്റെ ഭാഗമായി 500 കോടി രൂപയുടെ അന്താരാഷ്ട്ര നിലവാരത്തിലുള്ള സ്റ്റേഡിയങ്ങൾ, ഇൻഡോർ സ്റ്റേഡിയങ്ങൾ, നീന്തൽ കുളങ്ങൾ എന്നിവ നിർമ്മിക്കുന്നതിന് 550 കോടി രൂപയുടെ പദ്ധതിക്ക് രൂപം നൽകി പ്രവർത്തനങ്ങൾ നടന്നുവരുന്നു. വിശദാംശം അനുബന്ധം II ആയി ചേർത്തിരിക്കുന്നു.*

കായിക യുവജനകാര്യാലയംവഴി നടപ്പിലാക്കിയ പദ്ധതികൾ അനുബന്ധം III ആയി ചേർത്തിരിക്കുന്നു.*

(ബി) അനുബന്ധമായി IV ആയി ചേർത്തിട്ടുണ്ട്.*

(സി) സ്പോർട്സ് കമ്മീഷൻ റിപ്പോർട്ട് തത്വത്തിൽ അംഗീകരിച്ചുകൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ശിപാർശകൾ നടപ്പാക്കാൻ നടപടി സ്വീകരിച്ചുവരുന്നു.

(ഡി)* 58-പേർ സംസ്ഥാന സ്പോർട്സ് കൗൺസിൽ ഗ്രാന്റ്-ഇൻ-എയ്ഡ് റൂൾ 2009 പ്രകാരം വിദേശത്ത് നടക്കുന്ന അന്താരാഷ്ട്ര മത്സരങ്ങൾക്ക് രാജ്യത്തെ പ്രതിനിധീകരിക്കുന്ന കായിക താരങ്ങൾക്ക് 6,000 രൂപയുടെ കിറ്റ് അലവൻസിന് അർഹതയുണ്ട്. ബന്ധപ്പെട്ട അസോസിയേഷനുകൾവഴി അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് സ്പോർട്സ് കൗൺസിലിൽനിന്നും ടി തുക അനുവദിക്കുന്നതാണ്.

(ഇ) സ്വർണ്ണ മെഡൽ, വെള്ളി മെഡൽ, വെങ്കല മെഡൽ എന്നിവ നേടിയവർക്ക് യഥാക്രമം 10 ലക്ഷം, 7.50 ലക്ഷം, 5 ലക്ഷം രൂപയും വിജയിച്ച ടീമിന്റെ മലയാളി പരിശീലകർക്ക് 1 ലക്ഷം രൂപയും പാരിതോഷികമായി നൽകിയിട്ടുണ്ട്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2002 മുതൽ 2005 വരെ മുടങ്ങിക്കിടന്നിരുന്ന സ്പോർട്സ് കൗട്ടാ നിയമനം നടത്തുകയുണ്ടായി. 2006 മുതൽ 2009 വരെയുള്ള വർഷങ്ങളിലേക്കുള്ള സ്പോർട്സ് കൗട്ടാ നിയമനത്തിന് വിജ്ഞാപനം പുറപ്പെടുവിക്കുകയും അപേക്ഷകൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. അവയുടെ സൂക്ഷ്മ പരിശോധന നടത്തിവരുന്നു. എത്രയും വേഗം പ്രസ്തുത നിയമനങ്ങൾ നടത്തുന്നതാണ്. കൂടാതെ സ്പോർട്സ് കൗട്ടാ നിയമന പദ്ധതി പ്രകാരം നിലവിലുണ്ടായിരുന്ന 20 ഒഴിവുകൾ 2009 മുതൽ 50 ആയി വർദ്ധിപ്പിച്ചിട്ടുണ്ട്.

പുതിയ സ്റ്റേഡിയങ്ങൾ നിർമ്മിക്കുന്നതിനുള്ള അനുമതി

230 (680) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റശേഷം സംസ്ഥാനത്ത് എത്ര പുതിയ സ്റ്റേഡിയങ്ങൾ നിർമ്മിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ടെന്നതിന്റെ ജില്ല തിരിച്ചുള്ള വിവരങ്ങൾ ലഭ്യമാക്കുമോ ;

(ബി) ഇവയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് അനുമതി നൽകിയത് എന്നാണെന്നും മൊത്തം അടങ്കൽ തുക എത്രയെന്നും ഏത് ഏജൻസിയാണ് നിർമ്മാണച്ചുമതല ഏറ്റെടുത്തതെന്നും വെളിപ്പെടുത്തുമോ ;

(സി) ഇവയിൽ എത്രയെണ്ണത്തിന്റെ പണികൾ പൂർത്തീകരിച്ചുവെന്നും അതിനായി ഓരോന്നിനും എന്തുതുക ചെലവായെന്നും വെളിപ്പെടുത്തുമോ ;

(ഡി) മറ്റുള്ളവയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ഏത് ഘട്ടത്തിലാണെന്നും നിലവിലുള്ള സാഹചര്യത്തിൽ ഇവ എന്ന് പൂർത്തിയാക്കാനാകുമെന്നും വെളിപ്പെടുത്തുമോ ?

ഉത്തരം

(എ&ബി) ഈ സർക്കാർ അധികാരമേറ്റശേഷം ഭരണാനുമതി നൽകിയിട്ടുള്ള സ്റ്റേഡിയങ്ങളെ സംബന്ധിച്ച വിശദവിവരം ചുവടെചേർക്കുന്നു :

സ്റ്റേഡിയത്തിന്റെ പേരും ജില്ലയും	ഭരണാനുമതി നൽകിയ തീയതി	അടങ്കൽ തുക	നിർമ്മിക്കുന്ന ഏജൻസി
(1)	(2)	(3)	(4)
മഞ്ചേരി സ്പോർട്ട്സ് കോംപ്ലക്സും ഫുട്ബോൾ അക്കാഡമിയും, മലപ്പുറംജില്ല	24-11-2008	1100 ലക്ഷം	മലപ്പുറം ജില്ലാ സ്പോർട്ട്സ് കൗൺസിൽ
മുനിസിപ്പാലിറ്റി സ്റ്റേഡിയം ആലപ്പുഴ		10,71,30,865	ആലപ്പുഴ മുനിലിപ്പാലിറ്റി

LIBRARY ARCHIVES Kerala Legislative Assembly